പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3392

09.04.2013-ൽ മറുപടി നൽകേണ്ടത്

# ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>,, എം. പി. അബ്ദുസ്സമദ് സമദാനി<br>,, പി. ഉബൈദുള്ള<br>,, കെ. എം. ഷാജി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി പ്രകാരം വില്ലേജാഫീസുകൾ വഴി അപേക്ഷ സ്വീകരിച്ച് വിവിധ തലങ്ങളിൽ അന്വേഷണം നടത്തി അർഹരായ ഭൂരഹിതരുടെ ലിസ്റ്റ് 15.08.2012-ൽ പ്രസിദ്ധീകരിച്ചു. അപേക്ഷ സ്വീകരിക്കുന്ന തീയതി 15.02.2013 വരെ ദീർഘിപ്പിച്ചതിൻ പ്രകാരം ലഭിച്ച അപേക്ഷകളിൽ അന്വേഷണം നടത്തി വരുന്നു. അർഹരായ എല്ലാ ഭൂരഹിത കുടുംബങ്ങൾക്കും3 സെന്റ് ഭൂമി വീതം 2015-നകം നൽകും. 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ ഒരു ലക്ഷം പേർക്ക് വിതരണം ചെയ്യുന്നതിന് അനുയോജ്യമായ വിവിധ ഇനത്തിലുള്ള ഭൂമി ജില്ലാ തലത്തിൽ കണ്ടെത്തി സർവ്വേ ചെയ്ത് പ്ലോട്ടുകളായി തിരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

(ബി)ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകേണ്ടി വരുമെന്ന് കണക്കെടുത്തിട്ടുണ്ടോ;

(ബി) 15.08.2012- ൽ പ്രസിദ്ധീകരിച്ച ലിസ്റ്റ് പ്രകാരം 2,33,232 ഭൂരഹിത കുടുംബങ്ങളാണുള്ളത്. പിന്നീട് അപേക്ഷ സ്വീകരിക്കുന്ന തീയതി 15.02.2013 വരെ ദീർഘിപ്പിച്ചിരുന്നു. ഇതിൻ പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ അന്വേഷണം നടന്നു വരുന്നു. ഇവ കൂടി കഴിഞ്ഞാൽ മാത്രമേ ഭൂമി നൽകേണ്ടിവരുന്ന ഭൂരഹിതരുടെ എണ്ണം വെളിവാകുകയുള്ളൂ.

(സി) ഇങ്ങനെ കണ്ടെത്തിയ ഗുണഭോക്താക്കൾ മറ്റേതെങ്കിലും പദ്ധതി പ്രകാരം മുൻകാലത്ത് ഭൂമി ലഭിച്ചവരല്ല എന്ന കാര്യം ഉറപ്പു വരുത്തിയിട്ടുണ്ടോ; അതിനായി എന്തെല്ലാം പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

(സി) സംസ്ഥാനത്ത് ജനിച്ച് സ്ഥിരതാമസമായരും സംസ്ഥാനത്തിനകത്തോ പുറത്തോ സ്വന്തമായോ കുടുംബാംഗങ്ങൾക്കോ ഭൂമിയില്ലാത്തരും പാരമ്പര്യമായി ഭാവിയിൽ ഭൂമി ലഭിക്കുവാൻ സാധ്യതയില്ലാത്തരും നിർദ്ധനരുമായ അപേക്ഷകർക്കാണ് ഈ പദ്ധതി പ്രകാരം ഭൂമി അനുവദിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. വില്ലേജാഫീസുകൾ വഴി ലഭിച്ച അപേക്ഷകളിന്മേൽ വിവിധ തലത്തിൽ നടത്തിയ അന്വേഷണത്തിൽ അർഹരായ ഭൂരഹിത കുടുംബം എന്ന് കണ്ടെത്തിയവരുടെ ലിസ്റ്റാണ് പ്രസിദ്ധീകരിച്ചത്. ഇങ്ങനെ പ്രസിദ്ധീകരിച്ച ലിസ്റ്റിനെപ്പറ്റി പരാതിയൊന്നും ലഭിച്ചതായി കാണുന്നില്ല. ഭൂമി വിതരണം ചെയ്യുന്നതിന് മുമ്പ് അർഹത ഉറപ്പു വരുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ